# ചെന്നീർക്കര ഗ്രാമപഞ്ചായത്ത് കാര്യാലയം

ഊന്നുകൽ പി ഒ , പത്തനംതിട്ട ജില്ല      പിൻ 689647

ഫോൺ - 0468 2350316, E-mail : chenneerkkaragramapanchayat@gmail.com


നമ്പർ: എസ്സി2 - 4156/2024                                        തീയതി : 29/09/2026

## ടെണ്ടർ പരസ്യം

ചെന്നീർക്കര ഗ്രാമപഞ്ചായത്തിന്റെ 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ട് നം 04/27-തെരുവ് വിളക്ക് പരിപാലനം എന്ന പദ്ധതി നടപ്പാക്കുന്നതിനായി (വാഹന സൗകര്യം ഉൾപ്പെടെ) അംഗീകൃത ലൈസൻസുള്ള ഇലക്ട്രീഷ്യൻമാരിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. **14/10/2026 ബുധനാഴ്ച്ച പകൽ 1.00** മണി വരെ ടെണ്ടറുകൾ സ്വീകരിക്കുന്നതും, അന്നേ ദിവസം ഉച്ചയ്ക്ക് 2.30 മണിയ്ക്ക് തുറന്ന് പരിശോധിക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്നും, www.tender.lsgkerala.gov.in എന്ന വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

| ക്രമനം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | നിരതദ്രവ്യം | ഫോറവില |
|---|---|---|---|---|---|
| 1 | 04/27 | തെരുവ് വിളക്ക് പരിപാലനം | **5,00,000/-** | **12500/-** | 500+18% GST |

## പ്രവർത്തനങ്ങൾ

1. ചെന്നീർക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്തെ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുക.

2. നിശ്ചിത യോഗ്യതയുള്ള ഇലക്ട്രീഷ്യന്റെ സേവനം ലഭ്യമാക്കുക.

## നിബന്ധനകൾ

1. ടെണ്ടറുകൾ പ്രോജക്ടിന്റെ പേര് ആലേഖനം ചെയ്ത മുദ്രവച്ച കവറിൽ സമർപ്പിക്കേണ്ടതാണ്.
2. പഞ്ചായത്ത് പ്രദേശത്തെ കേടായ തെരുവു വിളക്കുകൾ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കേണ്ടതാണ്.
3. അപ്രകാരം കേടുപാടുകൾ തീർത്ത് തെരുവുവിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് പോൾ ഒന്നിന് കൂലിചെലവ് ഇനത്തിൽ വേണ്ട തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടത്.
4. തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ആവശ്യമായ വൈദ്യുത സാധനങ്ങൾ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ലഭ്യമാക്കുന്നതാണ്.
5. ഐ.റ്റി.ഐ ട്രേഡ് സർട്ടിഫിക്കേറ്റ് (വയർമാൻ/ ഇലക്ട്രീഷ്യൻ)/ ഇലക്ട്രിക്കൽ - സി ക്ലാസ് കോൺട്രാക്ടർ ലൈസൻസ്/ വയർമാൻ ലൈസൻസ് ഉള്ളവർക്ക് ടെണ്ടറിൽ പങ്കെടുക്കാവുന്നതാണ്.
6. ടെണ്ടറിനോടൊപ്പം യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, തിരിച്ചറിയൽ രേഖയുടെ പകർപ്പ്, മുൻപ് ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ സമാനമായ പ്രവർത്തി ചെയ്തിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച സാക്ഷ്യപത്രം എന്നിവയും സമർപ്പിക്കേണ്ടതാണ്.
7. പ്രവർത്തിയിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ സംബന്ധിച്ച ബാധ്യത പൂർണ്ണമായും കരാറുകാരന് മാത്രം ആയിരിക്കും.
8. ടെണ്ടറുകൾ 14/10/2026 ബുധനാഴ്ച പകൽ 1.00 മണിവരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതും, അന്നേ ദിവസം 2.30 മണിയ്ക്ക് ഹാജരുള്ള കരാറുകാരുടെ/ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പഞ്ചായത്ത് ഓഫീസിൽ വച്ച് തുറന്ന് പരിശോധിക്കുന്നതുമാണ്.
9. ഏതൊരു ടെണ്ടറും അംഗീകരിക്കുന്നതിനും കാരണം കാണിക്കാതെ നിരസിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്.
10. ടെണ്ടർ അംഗീകാരം കിട്ടുന്ന കരാറുകാരൻ അറിയിപ്പുലഭിച്ച് 7 ദിവസത്തിനകം ഗ്രാമപഞ്ചായത്തുമായി 200 രൂപ മുദ്രപ്പത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതും പഞ്ചായത്ത് നിർദ്ദേശിക്കുന്ന തുക സെക്യൂരിറ്റി ഡിപ്പോസിറ്റായി ഗ്രാമപഞ്ചായത്തിൽ ഒടുക്കുവരുത്തേണ്ടതുമാണ്.
11. അറ്റകുറ്റപണിക്ക് ആവശ്യമായ ഉപകരണങ്ങളും, ഏണി,വാഹനം,സുരക്ഷ സാധനങ്ങൾ മുതലായവയും കരാറെടുക്കുന്നയാൾ സൗകര്യപ്പെടുത്തേണ്ടതാണ്.

12. കരാറുകാരൻ പ്രവൃത്തിചെയ്യുന്ന സ്ഥലവും സമയവും ബന്ധപ്പെട്ട കെ.എസ്.ഇ.ബി ഓഫീസിൽ സ്വന്തം ഉത്തരവാദിത്വത്തിൽ അറിയിക്കേണ്ടതും കെ.എസ്.ഇ.ബി യുടെ സുരക്ഷ ഉറപ്പാക്കി മാത്രം ടി ജോലികൾ ചെയ്യേണ്ടതുമാണ്.

13. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരും, പഞ്ചായത്ത് വകുപ്പും കാലാ കാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും, നിബന്ധനകളും പാലിക്കേണ്ടതാണ്.

ചെന്നീർക്കര
29/09/2026

സെക്രട്ടറി
ചെന്നീർക്കര ഗ്രാമപഞ്ചായത്ത്

SECRETARY
CHENNEERKARA GRAMA PANCHAYAT

CHENNEERKARA GRAMA PANCHAYAT * OOMMUKAL P.O. * LSGD